**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 428** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെപ്കോ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്വയം തൊഴിൽ സംരംഭകർക്ക് ഒരു വരുമാന മാർഗ്ഗം എന്ന നിലയിലും മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും കെപ്കോ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെ; വിശദാംശം ലഭ്യമാക്കുമോ; | (എ) | **മൃഗസംരക്ഷണ മേഖലയിലെ ശാക്തീകരണത്തിനും, വരുമാന വർദ്ധനവിനും വേണ്ടിയും കൂടുതൽ കർഷകരെ കോഴിവളർത്തൽ മേഖലയിലേക്ക് കൊണ്ടുവരുന്നതിനുമായി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കു ഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. അതിനു പുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴി വളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതും, കേരള ചിക്കൻ പദ്ധതിക്ക് ആവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും കെപ്കോയിൽ നിന്നും ലഭ്യമാക്കി വരുന്നു. കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽ നിന്നും കർഷകർക്ക് ആവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ നൽകി വരുന്നു. കോഴികൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള** |

| | | | |
|---|---|---|---|
| | | | കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞു, ബ്ലോക്ക് പഞ്ചായത്ത് തല 100 കോഴിയും, കൂട്ടും പദ്ധതി. തുടങ്ങിയവ കെപ്കോ വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു. കെപ്കോ നടപ്പാക്കിയ പദ്ധതികളിലൂടെ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഏകദേശം 90 കോടി മുട്ട അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു. കൂടാതെ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 1000 ടൺ കോഴിയിറച്ചി അധികം ഉൽപ്പാദിക്കാൻ കെപ്കോയ്ക്ക് സാധിച്ചിട്ടുണ്ട്. |
| (ബി) | വിധവകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്കുമായി കെപ്കോ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വിധവകൾക്കും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്കുമായി കെപ്കോ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു<br><br>1) കെപ്കോ ആശ്രയ<br><br>2) കെപ്കോ വനിതാ മിത്രം<br><br>3) കോൺട്രാക്ട് കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ പദ്ധതി<br><br>4) മുട്ടക്കോഴി വളർത്തൽ ഇന്റഗ്രേഷൻ പദ്ധതി |
| (സി) | ഈ സർക്കാർ വന്ന ശേഷം കെപ്കോ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലൂടെ കോഴി വളർത്തൽ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്; വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെപ്കോ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ അധിക വർദ്ധനവ് വരുത്താൻ സാധിച്ചു. കെപ്കോ കേരള ചിക്കൻ പദ്ധതിയിലൂടെ കോൺട്രാക്ട്-കുടുംബശ്രീ ഫാമിംഗിലൂടെ ഇറച്ചിക്കോഴിക്കർഷകരെ കൂടുതൽ കോഴിവളർത്തൽ രംഗത്തേക്ക് എത്തിക്കാനും, അവർക്ക് ഒരു വരുമാന മാർഗ്ഗം ഉണ്ടാക്കി കൊടുക്കാനും ഇതു വഴി ഈ മേഖലയിലേക്ക് കൂടുതൽ സംരംഭകരെ വാർത്തെടുക്കാനും കെപ്കോയ്ക്ക് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ